# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 400 – 03/03/2020 - ലെ മറുപടിക്ക്

## കേന്ദ്രസർക്കാരിൽ നിന്നുള്ള പ്രത്യേക സാമ്പത്തിക സഹായം

ചോദ്യം

ഉത്തരം

ശ്രീ.പി.ടി. തോമസ്

ഡോ. ടി. എം. തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പുമന്ത്രി)

| | ചോദ്യം | ഉത്തരം |
|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഓരോ വർഷവും പ്രത്യേക സാമ്പത്തിക സഹായം അനുവദിക്കുന്നതിന് കേന്ദ്രസർക്കാരിൽ അപേക്ഷ സമർപ്പിച്ചിരുന്നോ; എങ്കിൽ ഏതൊക്കെ കാര്യങ്ങൾക്കാണ് പ്രത്യേക സാമ്പത്തിക സഹായം ആവശ്യപ്പെട്ടതെന്ന് വിശദമാക്കാമോ; | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രത്യേക സാമ്പത്തിക സഹായം അനുവദിക്കുന്നതിന് കേന്ദ്രസർക്കാരിൽ സമർപ്പിച്ച പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു. ഇതു കൂടാതെ, 2018 ലെ പ്രളയവുമായി ബന്ധപ്പെട്ട് 5616 കോടി രൂപയുടെ അടിയന്തര സഹായവും 2019 ലെ പ്രളയവുമായി ബന്ധപ്പെട്ട് 2101.88 കോടി രൂപയുടെ അടിയന്തര സഹായവും കേന്ദ്ര ദുരന്ത പ്രതികരണനിധിയിൽ നിന്ന് അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. |
| (ബി) | ഇതിൽ ഏതെല്ലാം പദ്ധതികൾക്ക് കേന്ദ്രം ധനസഹായം അനുവദിച്ചു; വകുപ്പ് തിരിച്ച് ലഭ്യമായ തുകയുടെ വിശദാംശം അറിയിക്കാമോ? | സംസ്ഥാനം സമർപ്പിച്ചിട്ടുള്ള (അനുബന്ധമായി ചേർത്തിട്ടുള്ള) പദ്ധതികളിന്മേൽ കേന്ദ്ര സർക്കാർ ധനസഹായം അനുവദിച്ചിട്ടില്ല. എന്നാൽ, 2017 ലെ ഓഖിയുമായി ബന്ധപ്പെട്ട് 111.7 കോടി രൂപയും 2018 ലെ പ്രളയവുമായി ബന്ധപ്പെട്ട് 2904.85 കോടി രൂപയും കേന്ദ്ര സർക്കാർ അനുവദിച്ചിരുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

## 2017 ജനുവരി

### (2017-18 ലെ കേന്ദ്ര ബജറ്റിൽ പരിഗണിക്കുന്നതിന് )

1. നോട്ട് നിരോധനം സംസ്ഥാനത്തിന്റെ വരുമാനത്തെ സാരമായി ബാധിച്ചതിനാൽ പൊതുവിപണിയിൽ നിന്നുള്ള കടമെടുക്കൽ പരിധി GSDP യുടെ 3% എന്നുള്ളത് 4% ആയി വർദ്ധിപ്പിക്കുക.
2. ദേശീയ തൊഴിലുറപ്പ് പദ്ധതിക്കു കീഴിൽ 100 തൊഴിൽ ദിനങ്ങൽ നല്കുന്നതിനാവശ്യമായ തുക അനുവദിക്കുക.
3. റബ്ബർ കർഷകർക്ക് റബ്ബറിന് താങ്ങു വില നല്കുന്നതിനാവശ്യമായ കേന്ദ്ര സഹായം അനുവദിക്കുക.
4. കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള കേന്ദ്ര വിഹിതവും സംസ്ഥാന പദ്ധതികൾക്കുള്ള കേന്ദ്ര സഹായവും വർദ്ധിപ്പിക്കുക.
5. FACT ഉൾപ്പെടെയുള്ള പൊതുമേഖലാ സ്ഥാപനങ്ങൾക്കുള്ള ധനസഹായം വർദ്ധിപ്പിക്കുക.

## 2018 ജനുവരി

### (2018-19 ലെ കേന്ദ്ര ബജറ്റിൽ പരിഗണിക്കുന്നതിന് )

1. പൊതു വിപണിയിൽ നിന്നുള്ള സംസ്ഥാനത്തിന്റെ കടമെടുക്കൽ പരിധി GSDP യുടെ 3.5 ശതമാനമായി നിശ്ചയിക്കുക.
2. സംസ്ഥാനങ്ങൾക്കുള്ള കേന്ദ്ര നികുതി വിഹിതം എല്ലാ മാസത്തെയും ആദ്യ തീയതിയിൽ തന്നെ നൽകാനും GST നഷ്ടപരിഹാരം പ്രതിമാസം നൽകാനുമുള്ള നടപടികൾ സ്വീകരിക്കുക.
3. പതിനഞ്ചാം ധനകാര്യ കമ്മീഷൻ ശുപാർശകൾക്ക് 1971 ലെ ജനസംഖ്യാ വിവരങ്ങൾ ആധാരമാക്കുക.
4. മുൻ വർഷങ്ങളിൽ കേന്ദ്ര നികുതി വിഹിതത്തിൽ ഉണ്ടായിട്ടുള്ള കുറവിന് നഷ്ടപരിഹാരം നൽകുക.
5. കേന്ദ്രാവിഷ്കൃത പദ്ധതികളിൽ കേന്ദ്രവിഹിതം കുറഞ്ഞത് 75 % ആക്കുകയും ഈ വിഹിതം Utilization Certificate ന്റെ നിബന്ധന ഒഴിവാക്കി രണ്ടോ മൂന്നോ ഗഡുക്കളായി സംസ്ഥാനങ്ങൾക്ക് വിതരണം നടത്തുകയും ചെയ്യുക.
6. സാമൂഹ്യ സുരക്ഷാ, ക്ഷേമ പെൻഷനുകൾ കുറഞ്ഞത് 1000 രൂപയായി ഉയർത്തുക.
7. കിലോയ്ക്ക് 50 രൂപ നിരക്കിൽ കേന്ദ്ര സഹായത്തോടെ റബ്ബറിന്റെ നിലവിലെ താങ്ങുവിലയായ 150 രൂപ 200 രൂപയായി വർദ്ധിപ്പിക്കുക.
8. RSBY പദ്ധതിയിൽ ഒരു കുടുംബത്തിന് ഒരു വർഷം ലഭിക്കുന്ന സഹായം ഒരു ലക്ഷം രൂപയായി ഉയർത്തുക.
9. പ്രധാനമന്ത്രി ആവാസ് യോജന (Rural) ലെ സംസ്ഥാനത്തിലുള്ള 2022 വരെയുള്ള മുഴുവൻ കേന്ദ്രവിഹിതവും മുൻകൂറായി അനുവദിക്കുക.
10. സംസ്ഥാനത്ത് അന്താരാഷ്ട്ര ആയുർവേദ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുക.
11. LNG അടിസ്ഥാനപ്പെടുത്തിയ ഒരു യൂറിയ പ്ലാന്റ് കേരളത്തിൽ തുടങ്ങാനുള്ള നിർദ്ദേശം

ബജറ്റിൽ ഉൾപ്പെടുത്തുക.

12. കോയമ്പത്തൂർ വഴി ചെന്നൈ - ബാംഗ്ലൂരിൽ നിന്ന് കൊച്ചിയിലേയ്ക്ക് വ്യവസായിക ഇടനാഴി വികസിക്കുക.
13. Kerala Fibre Optic Network ന് വേണ്ടി ബജറ്റിൽ തുക വകയിരുത്തുക.
14. സംസ്ഥാനത്ത് AIMS സ്ഥാപിക്കുക.
15. Malabar Cancer Centre നെ കേന്ദ്ര സർക്കാരിന്റെ Rashtriya Arogyanidhi Programme -ൽ ഉൾപ്പെടുത്തുക.
16. അങ്കമാലി- ശബരി റെയിൽ പദ്ധതിക്കായി മതിയായ വിഹിതം ബജറ്റിൽ വകയിരുത്തുക.
17. തിരുവനന്തപുരം - കാസർഗോഡ് ഇടനാഴി യഥാർത്ഥ്യമാക്കുന്നതിനുള്ള അനുമതി നൽകുകയും ബജറ്റിൽ മതിയായ തുക വകയിരുത്തുകയും ചെയ്യുക.
18. തലശ്ശേരി - മൈസൂർ പദ്ധതിക്ക വേണ്ടിയുള്ള 'Special Purpose Vehicle' ൽ KRDCL ന് തുല്യ പങ്കാളിത്തം നൽകുകയും ഈ പദ്ധതിയ്ക്കായി ബജറ്റിൽ മതിയായ തുക വകയിരുത്തുകയും ചെയ്യുക.
19. വിഴിഞ്ഞം - തൂത്തുക്കുടി തുറമുഖങ്ങൾ തമ്മിലുള്ള Rail- Road Connectivity ക്കുള്ള സാദ്ധ്യതാപഠനത്തിനും DPR തയ്യാറാക്കുന്നതിനും ആവശ്യമായ തുക ബജറ്റിൽ ഉൾപ്പെടുത്തുക.
20. വെസ്റ്റ് കോസ്റ്റ് കനാലിന്റെ വികസനം കേന്ദ്ര ബജറ്റിൽ ഉൾപ്പെടുത്തുക.

## 2019 ജൂൺ

### (2019-20 ലെ കേന്ദ്ര ബജറ്റിൽ പരിഗണിക്കുന്നതിന് )

1. പ്രളയാനന്തര പുനർനിർമ്മാണത്തിനുള്ള വിദേശ സഹായ വായ്പകൾ സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയ്ക്ക് പുറത്ത് പരിഗണിക്കുക. കടമെടുപ്പ് പരിധി GSDP യുടെ 3.5 ശതമാനമായി നിശ്ചയിക്കുക.
2. സംസ്ഥാനത്ത് അന്താരാഷ്ട്ര ആയുർവേദ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുക.
3. സംസ്ഥാനത്ത് AIMS സ്ഥാപിക്കുക.
4. കോയമ്പത്തൂർ വഴി ചെന്നൈ - ബാംഗ്ലൂരിൽ നിന്ന് കൊച്ചിയിലേയ്ക്ക് വ്യവസായിക ഇടനാഴി വികസിക്കുക.
5. കിലോയ്ക്ക് 50 രൂപ നിരക്കിൽ കേന്ദ്ര സഹായത്തോടെ റബ്ബറിന്റെ നിലവിലെ താങ്ങുവിലയായ 150 രൂപ 200 രൂപയായി വർദ്ധിപ്പിക്കുക.
6. Kerala Rural Development Corporation ന് മതിയായ തുക കേന്ദ്ര ബജറ്റിലൂടെ അനുവദിക്കുക.
7. വെസ്റ്റ് കോസ്റ്റ് കനാലിന്റെ വികസനം കേന്ദ്ര ബജറ്റിൽ ഉൾപ്പെടുത്തുക.
8. Malabar Cancer Centre നെ കേന്ദ്ര സർക്കാരിന്റെ Rashtriya Arogyanidhi Programme -ൽ ഉൾപ്പെടുത്തുക.
9. കോഴിക്കോട് Bio Safety Level 3 Lab സ്ഥാപിക്കുന്നതിനായി 5.5 കോടി രൂപ കേന്ദ്ര ബജറ്റിൽ നീക്കിവയ്ക്കുക.

## 2019 ഡിസംബർ

## (2020-21 ലെ കേന്ദ്ര ബജറ്റിൽ പരിഗണിക്കുന്നതിന് )

1. കേരളത്തെ ബാധിച്ച പ്രളയത്തിന്റെ അടിസ്ഥാനത്തിലും GST കൗൺസിൽ പ്രകൃതി ദുരന്തങ്ങൾ സംഭവിച്ച സംസ്ഥാനങ്ങൾക്ക് പ്രത്യേക പരിഗണന നൽകണമെന്നു നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിലും GST യ്ക്കു മേൽ സ്പെഷ്യൽ സെസ്സ് ഏർപ്പെടുത്താൻ അനുവദിക്കുക.
2. Multilateral Agency കളിൽ നിന്നും എടുക്കുന്ന ലോണുകൾ സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽ ഉൾപ്പെടുത്താതിരിക്കുക.
3. സംസ്ഥാന സർക്കാർ റബ്ബർ കർഷകർക്ക് സബ്സിഡി നൽകി വരുന്ന പദ്ധതിയായ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീമിന്റെ നിലവിലെ താങ്ങുവിലയായ കിലോയ്ക്ക് 150 രൂപ കേന്ദ്ര സഹായമായി 50 രൂപയോടു കൂടി 200 രൂപയായി വർദ്ധിപ്പിക്കുന്നതിനാവശ്യമായ തുക കേന്ദ്ര ബജറ്റിൽ അനുവദിക്കുക.
4. കണ്ണൂർ ജില്ലയിൽ ഒരു ആയുർവേദ അന്താരാഷ്ട്ര റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങുന്നതിനായി തുക അനുവദിക്കുക.
5. 56,442 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന തിരുവനന്തപുരം മുതൽ കാസറഗോഡ് വരെയുള്ള 531 കി.മീ ദൂരത്തിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന അതിവേഗ റെയിൽവേ പാതയുമായി ബന്ധപ്പെട്ട് World Bank, ADB, JICA എന്നിവയിലേതെങ്കിലുമൊന്നിൽ നിന്നും ധനസമാഹരണം നടത്തുന്നതിനായി സംസ്ഥാനത്തിന് അനുമതി നൽകുക.
6. കോഴിക്കോട് സംസ്ഥാന സർക്കാർ കണ്ടെത്തിയിട്ടുള്ള 200 ഏക്കർ സ്ഥലത്ത് AIIMS നു തുല്യമായൊരു മെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിനായി ധനസഹായം അനുവദിക്കുക.
7. മലബാർ മേഖലയിലെ നിർദ്ധന കാൻസർ രോഗികൾക്ക് മികച്ച ചികിത്സ ലഭ്യമാക്കുന്ന തലശ്ശേരിയിലെ മലബാർ കാൻസർ സെന്ററിനെ കേന്ദ്ര സർക്കാരിന്റെ Rashtriya Arogya Nidhi Programme ൽ ഉൾപ്പെടുത്തുക.
8. Cochin Shipyard, FACT, മറ്റു പൊതുമേഖലാ സ്ഥാപനങ്ങളിലേയ്ക്ക് അധിക ധനനിക്ഷേപം നടത്തുക. ഈ സ്ഥാപനങ്ങളിൽ സ്വകാര്യവത്കരണം അനുവദിക്കാതിരിക്കുക.